## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 684 — 10.03.2015-ൽ മറുപടിയ്ക്ക്

### ആദിവാസികോളനികളിൽ പച്ചക്കറി സ്വയം പര്യാപ്തതാ പദ്ധതി നടപ്പാക്കൽ

**ചോദ്യം**

ശ്രീ.സി.മോയിൻ കുട്ടി
ശ്രീ.എം.ഉമ്മർ
ശ്രീ.കെ.എം.ഷാജി
ശ്രീ.പി.ബി.അബ്ദുൾ റസാക്

**മറുപടി**

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചക്കറി സ്വയംപര്യാപ്തതാ പദ്ധതി ആദിവാസി കോളനികളിലൂടെ നടപ്പാക്കാൻ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നല്കിയ സഹായ സഹകരണങ്ങൾ വിശദമാക്കുമോ; | എ) | വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ പട്ടികവർഗ്ഗ ഊരുകളിൽ പച്ചക്കറി സ്വയം പര്യാപ്തതയ്ക്കു വേണ്ടി 7.624 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. കൃഷി വകുപ്പ് ടി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഈ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചക്കറി സ്വയം പര്യാപ്തത പദ്ധതി ആദിവാസി കോളനികളിലൂടെ നടപ്പാക്കുവാൻ ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പ് നല്കുന്നതാണ്. |
| ബി) | പദ്ധതി ഏറ്റെടുത്തു വിജയകരമാക്കാൻ കോളനിവാസികളെ സജ്ജരാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) | ടി പദ്ധതി ആരംഭിക്കുന്ന മുറയ്ക്ക് പദ്ധതി ഏറ്റെടുത്ത് വിജയകരമാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് എല്ലാ സഹായ സഹകരണങ്ങളും നൽകുന്നതാണ്. |

| | | | |
|---|---|---|---|
| സി) | കോളനിവാസികളെ സംഘടിപ്പിച്ച് സംയുക്ത കൃഷിരീതി ആവിഷ്കരിക്കാനും കൃഷിക്ക് പാട്ടഭൂമി ലഭ്യമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) | ടി പദ്ധതി ഒരു പൈലറ്റ് പദ്ധതിയായി കണക്കാക്കുന്നതും പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയ ശേഷം കോളനി നിവാസികളെ സംഘടിപ്പിച്ച് സംയുക്ത കൃഷി രീതി പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതുമാണ്. ഇത്തരം കൃഷികൾ പട്ടികവർഗ്ഗക്കാർക്ക് ഗുണകരമാണെന്ന് കണ്ടാൽ പാട്ട ഭൂമി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |

Haripriya

സെക്ഷൻ ഓഫീസർ